"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ഏറ്റുമാനൂർ നിയോജക മണ്ഡലത്തിലെശാസ്താംകടവ്-വെട്ടിക്കാട്ട് റോഡ് ടാറിങ് എന്ന പ്രവൃത്തി- കരാർ മുൻകൂട്ടി അവസാനിപ്പിയ്ക്കുന്നതിനും ഹാർബർ എഞ്ചിനീയറിംഗ് മുഖേന പൂർത്തീകരിയ്ക്കുന്നതിനായി ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്**

സ.ഉ.(സാധാ) നം.2917/2022/LSGD തീയതി,തിരുവനന്തപുരം, 25-11-2022

---

പരാമർശം:-
1. 28/01/2016-ലെ ജി.ഒ (ആർ.റ്റി) നം.322/2016/തസ്വഭവ.
2. 02/02/2021-ലെ ജി.ഒ (ആർ.റ്റി) നം.289/2021/തസ്വഭവ.
3. 22/02/2022-ലെ തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ ഡി.ബി6/10530/2015/സി.ഇ/തസ്വഭവ നം. കത്ത്.

**ഉത്തരവ്**

ഏറ്റുമാനൂർ മുൻ എംഎൽഎ ശ്രീ. സുരേഷ് കുറുപ്പ് അവർകളുടെ 2015-16 വർഷത്തിലെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഏറ്റുമാനൂർ നിയോജക മണ്ഡലത്തിലെ ശാസ്താംകടവ്-വെട്ടിക്കാട്ട് റോഡ് ടാറിങ് എന്ന പ്രവൃത്തിക്ക് ഒരു കോടി രൂപയുടെ ഭരണാനുമതി, പരാമർശം ഒന്നിലെ സർക്കാർ ഉത്തരവ് പ്രകാരം നൽകിയിരുന്നു.

2. ടെൻഡർ നടപടികൾക്ക് ശേഷം 25/08/2016-ൽ ശ്രീ റോബിൻ സേവ്യർ എന്ന കരാറുകാരൻ പ്രവൃത്തി പൂർത്തീകരിക്കുന്നതിനായി കരാറിൽ ഏർപ്പെടുകയും 2016 ഡിസംബറിൽ പ്രവൃത്തി ആരംഭിക്കുകയും ചെയ്തു. തുടർന്ന് ആദ്യ പടിയെന്നവണ്ണം സംരക്ഷണ ഭിത്തി നിർമ്മാണം ആരംഭിക്കുകയും അതിന്റെ പാർട്ട് ബിൽ നൽകുകയും ചെയ്തു. മേൽ റോഡിന്റെ 250 മീറ്റർ ഇരുവശവും പാടവും, അതിനുശേഷം ഒരു വശം പാടവും മറുവശം ഒരു

നിര വീടുകളും അതിനു പിറകിൽ കോട്ടയം ആലപ്പുഴ ജലപാതയുമാണ്. മഴക്കാലത്തും കൃഷിയില്ലാത്തപ്പോഴും പാടത്ത് വെള്ളം കയറുന്നതും, റോഡിന്റെ മധ്യത്തിൽ നിന്നിരുന്ന ഇലക്ട്രിക്ക് പോസ്റ്റുകൾ നീക്കം ചെയ്യുന്നത് വൈകിയതും മേൽ പ്രവൃത്തിയുടെ പൂർത്തീകരണം വൈകുന്നതിന് കാരണമായി. എന്നാൽ പ്രവൃത്തിയുടെ എർത്ത് ഫില്ലിങ് നടന്നു വരുന്ന വേളയിൽ 2018-ൽ വെള്ളപ്പൊക്കമുണ്ടാകുകയും റോഡിന്റെ കുറെ ഭാഗം ഒലിച്ചു പോവുകയും ചെയ്തു. തുടർന്ന് വീണ്ടും പ്രവൃത്തി പുന:രാരംഭിക്കുകയും മെറ്റലിംഗ് പ്രവൃത്തികൾ പൂർത്തിയാക്കുകയും ചെയ്തു. എന്നാൽ ഈ വേളയിൽ 2019-ലെ ശക്തമായ പ്രളയത്തിൽ റോഡ് പൂർണമായും വെള്ളത്തിനടിയിലാകുകയും റോഡിന്റെ കുറെ ഭാഗം വീണ്ടും ഒലിച്ചു പോവുകയുമുണ്ടായി.

3. തുടർന്ന് ആദ്യം തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം മേൽ പ്രവൃത്തി ടാറിംഗ് നടത്തുക അപ്രായോഗികമാകുകയും പരാമർശം രണ്ടിലെ സർക്കാർ ഉത്തരവ് പ്രകാരം മേൽ റോഡ് കോൺക്രീറ്റ് ചെയ്യുന്നതിനായി പുതുക്കിയ ഭരണാനുമതി നൽകുകയും ചെയ്തു.

4. 10/12/2021-ൽ ബഹു.സഹകരണ-രജിസ്ട്രേഷൻ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ തിരുവാർപ്പ് ഗ്രാമ പഞ്ചായത്തിലെ വിവിധ പ്രവർത്തികളുടെ നിർവ്വഹണ പുരോഗതി വിലയിരുത്തുന്നതിന് യോഗം കൂടിയിരുന്നു. നിലവിലുള്ള അടങ്കൽ തുകയിൽ മേൽ പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയാത്ത സാഹചര്യത്തിൽ നിലവിലുള്ള പദ്ധതി അവസാനിപ്പിച്ച്, മേൽ പ്രവൃത്തി ഹാർബർ എഞ്ചിനീയറിങ് വിഭാഗം മുഖേന പൂർത്തീകരിക്കാമെന്നും ആയതിനുള്ള നടപടികൾ തദ്ദേശ സ്വയം ഭരണ വകുപ്പ് സ്വീകരിക്കണമെന്നും യോഗത്തിൽ തീരുമാനിക്കുകയുണ്ടായി.

5. മേൽ സാഹചര്യത്തിൽ പരാമർശം ഒന്നിലെയും രണ്ടിലെയും സർക്കാർ ഉത്തരവുകൾ റദ്ദ് ചെയ്യുന്നതിനും ഇതു വരെ ചെയ്ത പ്രവൃത്തിയുടെ തുക വാല്യുവേഷൻ കണക്കാക്കി കരാറുകാരന് നല്കണമെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ പരാമർശം മൂന്ന് പ്രകാരം സർക്കാരിനോട് ശുപാർശ ചെയ്യുകയുണ്ടായി.

6. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, താഴെപ്പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി ശാസ്താംകടവ്-വെട്ടിക്കാട്ട് റോഡ് ടാറിങ് (Ch2/100 മുതൽ 3/100 വരെ) എൽ.എ.സി - എ.ഡി.എസ് എന്ന പ്രവൃത്തിയുമായി ബന്ധപ്പെട്ട് പരാമർശം 1,2 ഉത്തരവുകൾപ്രകാരം നല്കിയ കരാർ മുൻകൂട്ടി അവസാനിപ്പിക്കുന്നതിനും ഹാർബർ എഞ്ചിനീയറിങ് വിഭാഗം മുഖേന ടി പ്രവൃത്തി പൂർത്തീകരിക്കുന്നതിനും അനുമതി നൽകി ഉത്തരവാകുന്നു.

1) പ്രവൃത്തിയുടെ നിർവ്വഹണം വൈകിയത് കരാറുകാരന്റെ തെറ്റു കൊണ്ടല്ലെന്ന് കരാർ അതോറിറ്റി ഉറപ്പു വരുത്തണം.

2) കരാറുകാരന്റെ ഭാഗത്ത് പിഴവ് ഉണ്ടായിട്ടില്ലായെങ്കിൽ കരാർ പ്രകാരം കരാറുകാരന് നൽകേണ്ട അർഹമായ ബാക്കി തുക നൽകേണ്ടതാണ്.

3) നിർവ്വഹിച്ച ജോലിയുടെ കേടുപാടുകൾ പരിഹരിക്കുന്നതിനുള്ള ഉചിതമായ വ്യവസ്ഥകൾ പുതിയ പ്രവൃത്തിയിൽ ഉൾപ്പെടുത്തുകയും, സൈറ്റിന്റെ പ്രത്യേക അവസ്ഥ കണക്കിലെടുത്ത് പ്രവൃത്തിയുടെ നിർവ്വഹണത്തിന് ശരിയായ ആസൂത്രണം നടത്തി ഒരു ഏകജാലക സംവിധാനം രൂപീകരിക്കുകയും വേണം.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡിഷണൽ സെക്രട്ടറി

1) പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
2) നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
3) ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
4) ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
5) ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
6) അക്കൗണ്ടന്റ് ജനറൽ (എ&ഇ)/ആഡിറ്റ്), കേരളം, തിരുവനന്തപുരം.
7) ധനകാര്യ വകുപ്പ് (No.160597/NC.B3/17/2016-FIN. dated 07/11/2022).
8) ഇൻഫർമേഷൻ ഓഫീസർ, വെബ്ബ് ആൻഡ് ന്യൂ മീഡിയ വിംഗ്, ഐ&പി.ആർ.ഡി.
9) ഡയറക്ടർ ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
10) കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by Reenamma P A
Date: 25-11-2022 13:10:02
സെക്ഷൻ ഓഫീസർ